**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 189** **25.04.2017-ൽ മറുപടിക്ക്**

| **സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികൾ** | | | |
|---|---|---|---|
| ചോദ്യം<br><br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ഡി.കെ. മുരളി<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. എം. രാജഗോപാലൻ | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി താലൂക്കുതല വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ ബറ്റാലിയൻ എന്നിവ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ടോ; | (എ) | 30/1/2017 തീയതിയിലെ ജി.ഒ.(എം.എസ്) 15/2017/ആഭ്യ. നമ്പർ ഉത്തരവ് പ്രകാരം വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സിറ്റികളിലും, കണ്ണൂർ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽക്കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടികളുടെ ഭാഗമായി താലൂക്കുതല വനിതാ പോലീസ് സ്റ്റേഷനുകൾ രൂപികരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്തുതല സന്ദർശനം, ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്തുതല സന്ദർശനം നടപ്പിലാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ ആരംഭിക്കുന്നത് സംബന്ധിച്ച് വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനായുള്ള പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ നേതൃത്വത്തിൽ നിരവധി സ്ത്രീ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അവയിലേറ്റവും പ്രധാനപ്പെട്ടതാണ് സ്ത്രീ |

| | | | |
|---|---|---|---|
| | | | സ്വയം സുരക്ഷാ പരിശീലന പരിപാടി. ഇതിന്റെ ഭാഗമായി കേരളത്തിലെ മുഴവൻ വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിക്കഴിഞ്ഞു. ഇവർ റെസിഡന്റ്സ് അസോസിയേഷനുകളും കുടുംബശ്രീ യൂണിറ്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു. കൂടാതെ സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകാനായി കാലാകാലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം - സംസ്ഥാനത്ത് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (കെ) വകുപ്പ്**

**സ.ഉ.(കൈ)നം. 15/2017/ആഭ്യന്തരം** തീയതി, തിരുവനന്തപുരം, 30.01.2017.

**പരാമർശം:** സംസ്ഥാന പോലീസ് മേധാവിയുടെ 23.09.2016 ലെ ഇ5/149252/2016/പി.എച്ച്.ക്യു നമ്പർ കത്ത്.

### ഉത്തരവ്

കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ടി ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണെന്നും ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. നിവേദനത്തിലെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കേരള പോലീസിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം കേവലം 6.4% മാത്രമാണ്. ഈ സാഹചര്യത്തിൽ, വനിതാ പോലീസിന്റെ അംഗസംഖ്യ ഘട്ടംഘട്ടമായി 15% ആക്കി ഉയർത്തുന്നതിന്റെ ഭാഗമായി, ആദ്യഘട്ടമായി കണ്ണൂരോ/തിരുവനന്തപുരമോ ആസ്ഥാനമാക്കി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചുകൊണ്ടും ഈ ബറ്റാലിയനിൽ താഴെ പറയുന്ന തസ്തികകൾ പുതിയതായി സൃഷ്ടിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

*കമാണ്ടന്റ്: 1. വനിതാ പോലീസ് ഹവീൽദാർ - 20, വനിതാ പോലീസ് കോൺസ്റ്റബിൾ - 380, ഡ്രൈവർ - 5, ടെക്നിക്കൽ വിഭാഗം - 10, ആർമറർ എസ്.ഐ - 1, ക്യാമ്പ് ഫോളോവർമാർ - 20, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - 1, ജൂനിയർ സൂപ്രണ്ട് - 1, കാഷ്യർ/സ്റ്റോർ അക്കൗണ്ടന്റ് - 1, ക്ലാർക്ക് - 8, ടൈപ്പിസ്റ്റ് - 2, ഓഫീസ് അറ്റന്റന്റ് - 1.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നളിനി നെറ്റോ
അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്:

1) സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
3) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, എ.പി ബറ്റാലിയൻ, തിരുവനന്തപുരം.
4) സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ (പേരുവച്ച കവറിൽ)
5) ധനകാര്യ വകുപ്പ് (19.01.2017 ലെ 162623/വ്യയം എ3/30/2016/ധന പ്രകാരം)
6) പൊതുഭരണ(എസ്.സി) വകുപ്പ് (25.01.2017 ലെ ഇനം നമ്പർ 657 പ്രകാരം)
7) വെബ് & മീഡിയ
8) സ്റ്റോക്ക് ഫയൽ/ഒ.സി.

പകർപ്പ്: 1) ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്
2) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ